പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1331

31/10/2019-ൽ മറുപടിയ്ക്ക്

## സ്കൂളുകൾക്ക് കെട്ടിടം

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ആയിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന സർക്കാർ വിദ്യാലയങ്ങൾക്ക് മൂന്ന് കോടി രൂപയുടെയും അഞ്ഞൂറിലധികം വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങൾക്ക് ഒരു കോടി രൂപയുടെയും നിർമ്മാണ അടങ്കൽ തുകയുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ; | (എ) 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ആയിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് മൂന്ന് കോടി രൂപ 'കിഫ്ബി' ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 166 സ്കൂളുകളെ തെരഞ്ഞെടുത്ത് ഭരണാനുമതി നൽകിയിട്ടുണ്ട്. 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഒരു കോടി രൂപയുടെ ധനസഹായത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) ഉണ്ട്. മൂന്ന് കോടി രൂപ ധനസഹായ പദ്ധതിയ്ക്ക് 'ഇൻകലി'നെയും, ഒരു കോടി രൂപ പദ്ധതിയ്ക്ക് 'കില'യേയും (KILA) Special Purpose Vehicle ആയി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) നടപടികൾ സ്വീകരിച്ചു വരുന്നു. |

Nanitha.P

സെക്ഷൻ ഓഫീസർ